**ക്രമപ്രശ്നം**

നിയമസഭാ ചട്ട ലംഘനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് എല്ലാ മന്ത്രിമാരും ഇന്ന് സമർപ്പിച്ചിരിക്കുകയാണ്. ഇന്നുതന്നെ ഡിമാന്റ് രണ്ടിന്റേയും മൂന്നിന്റേയും ചർച്ചയും വച്ചിരിക്കുകയാണ്. സഭയിൽ തുടർന്ന വരുന്ന കീഴ്വഴക്കം അനുസരിച്ച്, ഇതുവരെയുള്ള നടപടിക്രമപ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസം മാത്രമാണ് ചർച്ച ആരംഭിക്കേണ്ടത്. കാരണം അത് പഠിക്കുവാനുള്ള സമയം കൊടുക്കുകയാണ്. റൂൾസ് ഓഫ് പ്രൊസീജിറിലെ 143 (1) വളരെ വ്യക്തമാണ്.

"143. Voting of Demands for Grants:- (1) After the Subject Committees have presented their reports, the Speaker, in consultation with the Leader of the House and the Leader of the Opposition shall allot so many days as may be compatible with public interest for discussion and voting of the demands for grants. "

നടപടി ക്രമങ്ങൾക്കും, റൂൾസ് ഓഫ് പ്രൊസീജിയറിനും ഇതിനുമുമ്പുള്ള പ്രീസിഡന്റിനും വിരുദ്ധമായിട്ടാണ് ഇന്ന് ചെയ്യുന്നത്. അതൊരു എതിർപ്പായി സഭയിൽ ഉന്നയിക്കുന്നു.

മി സ്പീക്കർ: അങ്ങയുടെ നോട്ടീസ് ലഭിച്ചിട്ടുണ്ടായിരുന്നു. അതുസംബന്ധിച്ച് റൂളിംഗ് നൽകാൻ ആഗ്രഹിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഇതുസംബന്ധിച്ച പരിശോധന, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പഠിച്ചതിനുശേഷം അംഗങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കുവാൻ അവസരം നൽകണമെന്നുള്ളത് ശരിയാണ്. ആദ്യത്തെ കലണ്ടർ പ്രകാരം നിയമസഭാ സമ്മേളനം തീരുമാനിച്ചിരുന്നത് 21-07-2021-നാണ്. അതിനിടയിലാണ് ബലി പെരുന്നാൾ തീയതി മാറി വന്നത്. അതുകൊണ്ടാണ് നിയമസഭാ സമ്മേളനം 22 -ാം തീയതിയിലേയ്ക്ക് മാറ്റേണ്ടി വന്നത്. 21 -ാം തീയതി തന്നെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതായിരുന്നു. 22-ാം തീയതിയിലേയ്ക്ക് സമ്മേളനം മാറ്റേണ്ടി വന്നതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ബുദ്ധിമുട്ട്

ഉണ്ടായിരിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഇത്തരത്തിൽ മുൻകാലങ്ങളിലും സംഭവിച്ചിട്ടുണ്ട്. സഭാ നേതാവും, പ്രതിപക്ഷ നേതാവുമൊക്കെയായി ബഹുമാനപ്പെട്ട സ്പീക്കർ സംസാരിച്ചിരുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഞാനും പ്രസ്തുത വിഷയം സംസാരിച്ചിരുന്നു. 1998-ലും സമാനമായിട്ടുള്ള ഒരു സംഭവം ഉണ്ടായിട്ടുണ്ട്. തീർച്ചയായിട്ടും അംഗങ്ങൾക്ക് റിപ്പോർട്ട് പഠിക്കുവാനുള്ള അവസരം കൊടുക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അസാധാരണമായ സാഹചര്യത്തിലാണ് ഇങ്ങനെയൊരു തീരുമാനം എടുക്കേണ്ടി വന്നതെന്ന് അറിയിക്കുകയാണ്.